**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - എം.എൻ. ലക്ഷം വീട് നവീകരണ പദ്ധതി-മാർഗനിർദ്ദേശങ്ങൾ ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ(ഡി.ബി)വകുപ്പ്**

സ.ഉ.(സാധാ)നം. 396/2009/തസ്വഭവ    തിരുവനന്തപുരം, തീയതി: 17-02-2009

പരാമർശം: 1. സ.ഉ.(എം.എസ്) നം.226/08/തസ്വഭവ; തീയതി 19.08.2008
2. സ.ഉ (എം.എസ്)നം.328/08/തസ്വഭവ; തീയതി 12.12.2008

**ഉത്തരവ്**

എം.എൻ ലക്ഷം വീട് നവീകരണ പദ്ധതിയുടെ നടത്തിപ്പിന് പരാമർശം ഒന്ന് മുഖേന പുറപ്പെടുവിച്ച മാർഗരേഖയിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതം പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി ട്രഷറിയിൽ ആരംഭിക്കുന്ന അക്കൗണ്ടിൽ ആദ്യം നിക്ഷേപിക്കണമെന്നും തുടർന്ന് ഭവന നിർമ്മാണബോർഡ് സംസ്ഥാന വിഹിതം ആ അക്കൗണ്ടിൽ നിക്ഷേപിക്കുമെന്നുമാണ് നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ 2008-09-ൽ സംസ്ഥാന വിഹിതം ലഭിക്കുന്ന എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും വിഹിതം വകയിരുത്തുന്നതിനുള്ള പ്രോജക്ടുകൾ വാർഷിക പദ്ധതിയുടെ ഭാഗമാക്കാൻ കഴിഞ്ഞിട്ടില്ലെന്നും അതുകാരണം പദ്ധതിയുടെ നടത്തിപ്പിൽ തടസ്സം നേരിടുന്നതായും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ച് ചുവടെ പ്രതിപാദിക്കുന്ന പ്രകാരം ഉത്തരവാകുന്നു.

(1) എം.എൻ. ലക്ഷം വീട് നവീകരണ പദ്ധതി നടപ്പാക്കുന്നതിന് സംസ്ഥാനവിഹിതം ലഭിക്കുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾ 2008-09 വാർഷിക പദ്ധതിയിൽ വിഹിതം വകയിരുത്തിയിട്ടില്ലെങ്കിൽ പരാമർശം രണ്ട് മുഖേന പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്ക് (ഖണ്ഡിക 2.11) അനുസൃതമായി പ്രസ്തുത പ്രോജക്ട് വാർഷിക പദ്ധതിയുടെ ഭാഗമാക്കാവുന്നതാണ്. മേഖലാതല മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി വിഹിതം കണ്ടെത്തി പ്രോജക്ടിന് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം നേടണം.

(2) നടപ്പുവാർഷിക പദ്ധതി ഭേദഗതി ചെയ്ത് വിഹിതം കണ്ടെത്താൻ കഴിയാത്ത തദ്ദേശഭരണ സ്ഥാപനങ്ങൾക്ക്, അടുത്ത വാർഷിക പദ്ധതിയിൽ (2009-10) പ്രസ്തുത പ്രോജക്ട് നിർബന്ധമായും ഉൾപ്പെടുത്തുന്നതാണെന്നുള്ള ഭരണസമിതി തീരുമാനമെടുത്ത് ജില്ലാ ആസൂത്രണസമിതിയെയും ഭവന നിർമ്മാണ ബോർഡിനെയും ബന്ധപ്പെട്ട ട്രഷറിയെയും അറിയിക്കാവുന്നതാണ്. ഇപ്രകാരം തീരുമാനിക്കുന്ന തദ്ദേശഭരണ സ്ഥാപനങ്ങളുടെ സംസ്ഥാനവിഹിതം നടപ്പുവർഷം തന്നെ ഭവന നിർമ്മാണ ബോർഡ് ഈ പദ്ധതിയുടെ ട്രഷറി അക്കൗണ്ടിൽ നിക്ഷേപിക്കുന്നതാണ്. എന്നാൽ തദ്ദേശഭരണ സ്ഥാപനത്തിന്റെ വിഹിതം കൂടി അടച്ചതിനുശേഷം മാത്രമേ അക്കൗണ്ടിൽ നിന്നും സബ്സിഡി തുക വിതരണം ചെയ്യാൻ പാടുള്ളൂ. പ്രസ്തുത തദ്ദേശഭരണ സ്ഥാപനങ്ങൾ എം.എൻ. ലക്ഷം വീട് നവീകരണ പദ്ധതി നടപ്പാക്കുന്നതിന് മതിയായ വിഹിതം വകയിരുത്തിയ പ്രോജക്ട് 2009-10 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് പദ്ധതി അംഗീകാര സമയത്ത് ജില്ലാ ആസൂത്രണ സമിതികൾ ഉറപ്പാക്കണം.

(3) പരാമർശം ഒന്ന് മുഖേന പുറപ്പെടുവിച്ച മാർഗ്ഗരേഖയുടെ ഖണ്ഡിക(11) ഇപ്രകാരം ഭേദഗതി ചെയ്യുന്നു.

**എസ്.എം.വിജയാനന്ദ്**
പ്രിൻസിപ്പൽ സെക്രട്ടറി

ഉത്തരവിൻ പകാരം

സെക്ഷൻ ഓഫീസർ

1. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ മുനിസിപ്പൽ ചെയർപേഴ്സൻമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
6. എല്ലാ ജില്ലാആസൂത്രണസമിതി ചെയർപേഴ്സൻമാർക്കും
7. സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യവകുപ്പ്
8. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണബോർഡ്
9. പ്രിൻസിപ്പൽ സെക്രട്ടറി, ഭവന നിർമ്മാണ വകുപ്പ്
10. പഞ്ചായത്ത് ഡയറക്ടർ,
11. ഗ്രാമവികസന കമ്മീഷണർ
12. നഗരകാര്യ ഡയറക്ടർ
13. മുഖ്യ നഗരാസൂത്രകൻ
14. കമ്മീഷണർ & സെക്രട്ടറി, കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്
15. ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ, തൃശൂർ
16. ഡയറക്ടർ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റ്, കൊട്ടാരക്കര
17. എക്സിക്യൂട്ടീവ് ഡയറക്ടർ ശുചിത്വ മിഷൻ
18. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ മിഷൻ
19. എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
20. ചീഫ് എൻജിനീയർ, തദ്ദേശസ്വയംഭരണവകുപ്പ്
21. എല്ലാ ജില്ലാ ആസൂത്രണസമിതി മെമ്പർസെക്രട്ടറി(ജില്ലാകളക്ടർമാർ)മാർക്കും
22. എല്ലാ ദാരിദ്ര്യലഘൂകരണ യൂണിറ്റ് പ്രോജക്ട് ഡയറക്ടർമാർക്കും
23. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
24. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
25. എല്ലാ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ(ജനറൽ)മാർക്കും
26. എല്ലാ കുടുംബശ്രീ മിഷൻ ജില്ലാ കോ-ഓർഡിനേറ്റർമാർക്കും
27. എല്ലാ ജില്ലാ ടൗൺ പ്ലാനിംഗ് ഓഫീസർമാർക്കും
28. എല്ലാ നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർമാർക്കും
29. ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്
30. സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ
31. ജനറൽ സെക്രട്ടറി, കേരളഗ്രാമപഞ്ചായത്ത് അസോസിയേഷൻ
32. സെക്രട്ടറി, കേരള ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ
33. സെക്രട്ടറി, മുൻസിപ്പൽ ചെയർമാൻമാരുടെ ചേമ്പർ
34. സെക്രട്ടറി, ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാരുടെ ചേംമ്പർ
35. അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
36. ഓഫീസ് കോപ്പി/കരുതൽ ഫയൽ

പകർപ്പ്:-

1. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. ഭവന നിർമ്മാണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
3. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്
4. തദ്ദേശസ്വയംഭരണ ഡി.എ/ഡിസി/ഡി.ഡി/എഫ്.എം/സെക്ഷനുകൾക്ക്